# പതിമൂന്നാം കേരളനിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.805 — 17/07/2014-ൽ മറുപടിക്ക്

## സാന്ത്വന ചികിത്സാ സംവിധാനങ്ങൾ

**ചോദ്യം**

ശ്രീ. രാജു എബ്രഹാം
" കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
" പി. ശ്രീരാമകൃഷ്ണൻ
" കെ. കുഞ്ഞമ്മത് മാസ്റ്റർ

**മറുപടി**

ശ്രീ. വി. എസ്. ശിവകുമാർ
(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി)

---

| | | | |
|---|---|---|---|
| (എ) | സാന്ത്വന ചികിത്സയ്ക്കായി സർക്കാർ ആശുപത്രികളിൽ ഒരുക്കിയിട്ടുള്ള സംവിധാനങ്ങളെക്കുറിച്ച് വിശദമാക്കാമോ ; | (എ) | കേരളത്തിൽ സാന്ത്വന ചികിത്സാ പദ്ധതി മൂന്ന് ഘട്ടങ്ങളിലാണ് നടത്തി വരുന്നത്. ഭവന സന്ദർശനം നടത്തി, ശയ്യാവലംബരായ രോഗികളെ പരിചരിക്കുന്നതിന് സജ്ജീകരിച്ചിട്ടുള്ള ഹോം കെയർ പദ്ധതി പ്രകാരം എല്ലാ പ്രാഥമിക-സാമൂഹിക ആരോഗ്യ കേന്ദ്രങ്ങൾ കേന്ദ്രീകരിച്ച് സാന്ത്വന ചികിത്സാ യൂണിറ്റ് ആരംഭിച്ചിട്ടുള്ളതും, തദ്ദേശ സ്വയംഭരണ വകുപ്പ് വഴി പാലിയേറ്റീവ് കെയർ നഴ്സുമാരെ വിന്യസിച്ചിട്ടുള്ളതുമാണ്. താലൂക്ക് ജില്ലാ ആശുപത്രികളിൽ സാന്ത്വന ചികിത്സയുടെ ഭാഗമായി സെക്കൻഡറി കെയർ ഇന്ന് 95 ആശുപത്രികളിൽ ലഭ്യമാണ്. ഈ ആശുപത്രികളിൽ ഹോംകെയറിനൊപ്പം വിദഗ്ധ ചികിത്സയും കിടത്തി ചികിത്സയും ആവശ്യമുള്ള രോഗികൾക്കായി പാലിയേറ്റീവ് കെയർ ക്ലിനിക്കുകളും പ്രവർത്തിച്ച് വരുന്നു. പാലിയേറ്റീവ് കെയർ നഴ്സിന്റെയും ഡോക്ടർമാരുടെയും സേവനം ഉറപ്പ് വരുത്തുന്നതോടൊപ്പം ലൈസൻസ് ലഭിച്ച സ്ഥാപനങ്ങളിൽ വേദനാ സംഹാരിയായ മോർഫിൻ ചികിത്സയും നൽകി വരുന്നു. ഇതിനു പുറമെ വീൽ ചെയർ, ക്രച്ചസ്, കോർസെറ്റ്, വാക്കിംഗ് സ്റ്റിക്ക് തുടങ്ങിയ ഉപകരണങ്ങളും വിതരണം ചെയ്യുന്നു. ടേർഷ്യറി കെയറിൽ സാന്ത്വന ചികിത്സയുടെ ഭാഗമായി ട്രെയിനിംഗും മറ്റ് അനുബന്ധ പ്രവർത്തനങ്ങളും നടത്തുന്നു.<br>ഹോമിയോപ്പതി വകുപ്പിൽ മലപ്പുറം ജില്ലയിലെ വണ്ടൂർ പഞ്ചായത്തിൽ കാൻസർ പരിചരണത്തിനും സാന്ത്വന ചികിത്സയ്ക്കുമായി ഒരു സാന്ത്വന പരിചരണ കേന്ദ്രം (ചേതന) പ്രവർത്തിച്ച് വരുന്നു.<br>ഭാരതീയ ചികിത്സാ വകുപ്പിൽ ഇടുക്കി ജില്ലാ പഞ്ചായത്തിന്റെ സഹകരണത്തോടെ ജില്ലാ ആയുർവ്വേദ ആശുപത്രിയിൽ സാന്ത്വനം എന്ന പേരിൽ ആയുർവ്വേദ പാലിയേറ്റീവ് കെയർ പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. |

| | | | |
|---|---|---|---|
| (ബി) | നിലവിലുള്ള സംവിധാനത്തിന്റെ പോരായ്മയെക്കുറിച്ച് അന്വേഷിച്ച് റിപ്പോർട്ട് നൽകണമെന്ന മനുഷ്യാവകാശ കമ്മീഷന്റെ നിർദ്ദേശാനുസരണം അന്വേഷണം നടത്തിയോ ; വിശദാംശം അറിയിക്കുമോ ; | (ബി) | മനുഷ്യാവകാശ കമ്മീഷന്റെ നിർദ്ദേശാനുസരണം പ്രാഥമികമായ അന്വേഷണം നടത്തിയിട്ടുണ്ട്. സംസ്ഥാനത്ത് എല്ലാ ഗവൺമെന്റ് മെഡിക്കൽ കോളേജുകളിലും മോർഫിൻ ചികിത്സ നൽകി വരുന്നു. ആരോഗ്യ വകുപ്പിന് കീഴിൽ ഏകദേശം നാല്പതോളം സ്ഥാപനങ്ങൾക്ക് മോർഫിൻ ലൈസൻസ് ലഭിച്ചിട്ടുണ്ട്. കൂടുതൽ സ്ഥാപനങ്ങൾക്കു കൂടി ആയത് ലഭ്യമാക്കാനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. ഇപ്പോൾ ഒരു ജില്ലയിൽ ജില്ലാ ആശുപത്രി ഉൾപ്പെടെ കുറഞ്ഞത് മൂന്ന് സ്ഥാപനങ്ങളിലെങ്കിലും മോർഫിൻ ലഭ്യമാണ്. സെക്കൻഡറി കെയർ ആശുപത്രികളിൽ 117 സ്റ്റാഫ് നഴ്സുമാരെ NHM-ൽ നിന്നും വിന്യസിച്ചിട്ടുണ്ട്. പ്രതിമാസം 2500-ലേറെ രോഗികൾക്ക് ഇതിന്റെ സേവനം ലഭ്യമായി വരുന്നു. ആരോഗ്യ വകുപ്പിന് കീഴിലുള്ള 200-ഓളം ഡോക്ടർമാർ പാലിയേറ്റീവ് കെയർ ബേസിക് സർട്ടിഫിക്കറ്റ് നേടിയിട്ടുണ്ട്. |
| (സി) | ഈ രംഗത്തുള്ള പ്രധാന പ്രശ്നം എന്താണെന്നും അത് പരിഹരിക്കാനായി സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികളും അറിയിക്കുമോ ? | (സി) | സാന്ത്വന ചികിത്സാ രംഗത്ത് ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളം ബഹുദൂരം മുന്നിലാണെങ്കിലും ഇതിന്റെ സുഗമമായ നടത്തിപ്പിന് വിഘാതമായി വരുന്ന നിരവധി പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പഞ്ചായത്ത് തലത്തിൽ നൽകി വരുന്ന സേവനങ്ങളുടെ ഗുണനിലവാരം, കോർപ്പറേഷൻ, മുനിസിപ്പാലിറ്റി പ്രദേശങ്ങളിൽ പാലിയേറ്റീവ് കെയർ യൂണിറ്റുകൾ തുടങ്ങുന്നതിനുള്ള പ്രായോഗിക ബുദ്ധിമുട്ടുകൾ, മോർഫിൻ ലൈസൻസ് താഴേതട്ടിലുള്ള ആശുപത്രികളിൽ നൽകുന്നതിനുള്ള സാങ്കേതികത്വം, സന്നദ്ധരായ ഡോക്ടർമാരുൾപ്പെടെയുള്ള ആരോഗ്യ പ്രവർത്തകരുടെ കുറവ്, മറ്റു വകുപ്പുകളുടെ പങ്കാളിത്ത കുറവ് തുടങ്ങിയ പോരായ്മകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ വിവിധ വകുപ്പുകളുടെ സഹകരണത്തോടെ നടപ്പിലാക്കാൻ പദ്ധതികൾ ആസൂത്രണം ചെയ്തു വരുന്നു. |

സെക്ഷൻ ഓഫീസർ